## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

**(സാന്നിദ്ധ്യം : അനുപമ.റ്റി.വി I.A.S )**

വിഷയം: - വനിത ശിശുവികസന വകുപ്പ് - വയനാട് ജില്ലയിലെ അങ്കണവാടികൾക്ക ബേബി ഫ്രണ്ട്‌ലി ടോയിലറ്റ് നിർമ്മാണം ഫണ്ട് അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:- (1) സർക്കാർ ഉത്തരവ് (സാ.ധാ) നമ്പർ 586/2019/സാ.നീ.വ തീയതി 22/09/2019.

(2) 25/11/2019 തീയതിയിലെ ഉത്തരവ് നമ്പർ ICDS/B5/9690/18.

(3) വയനാട് പ്രോഗ്രാം ഓഫീസറുടെ കത്ത് നമ്പർ B/1097/19 തീയതി 09/09/2020.

(4) സ.ഉ(ആർ.റ്റി) നം.2486/2021/ധന, തീയതി.18/03/2021.

**ഉത്തരവ് നമ്പർ : ICDS/B5-9690/18 തീയതി :22/03/2021**

വയനാട് ജില്ലയിലെ സ്വന്തമായി കെട്ടിടം ഉള്ള അങ്കണവാടികൾക്ക ബേബി ഫ്രണ്ട്‌ലി ടോയിലറ്റ് സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി അനുയോജ്യമായ 519 അങ്കണവാടികൾക്ക പരാമർശം (1), (2) പ്രകാരം 62,28,000/- രൂപ അനുവദിക്കുകയും അധികമായി ആവശ്യമായ തുക LSGD മുഖേന കണ്ടെത്തുന്നതിനും നിർദ്ദേശം നൽകിയിരുന്നു. അതിൽ നിന്നും 287 അങ്കണവാടികൾക്കുള്ള തുകയായ 34,44,000/- രൂപ 2019-20 വർഷം തന്നെ ചെലവഴിക്കുകയും 232 അങ്കണവാടികൾക്കുള്ള തുകയായ 27,84,000/- രൂപ പ്രസ്തുത സാമ്പത്തിക വർഷം മാറുവാൻ കഴിയാതെ ട്രഷറി ക്യൂവിൽ ആകുകയും ചെയ്തതായി പരാമർശം (3) പ്രകാരം പ്രോഗ്രാം ഓഫീസർ അറിയിച്ചിരുന്നു. ടി തുക നടപ്പു സാമ്പത്തിക വർഷം വിനിയോഗിക്കുന്നതിനായി പരാമർശം (4) പ്രകാരം റീ – അപ്രോപ്രിയേഷൻ മുഖേന ഫണ്ട് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

ടി സാഹചര്യത്തിൽ വയനാട് ജില്ലയിലെ അങ്കണവാടികളിൽ ബേബി ഫ്രണ്ട്‌ലി ടോയിലറ്റ് നിർമ്മിക്കുന്നതിനായി മേൽ പരാമർശിത 232 അങ്കണവാടികൾക്ക് 12,000/- രൂപ നിരക്കിൽ 27,84,000/- രൂപ ചുവടെ പരാമർശിക്കുന്ന ICDS പ്രോജക്ടുകൾക്ക് അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | പ്രൊജക്ട് | അനുവദിക്കുന്ന തുക |
|---|---|---|
| 1. | മാനന്തവാടി | 12,12,000 |
| 2. | കൽപ്പറ്റ അഡീഷണൽ | 4,08,000 |
| 3. | കൽപ്പറ്റ | 11,64,000 |
| | **ആകെ** | **27,84,000** |

ബന്ധപ്പെട്ട സി.ഡി.പി.ഒമാർ പരാമർശം (2) ഉത്തരവിലെ വ്യവസ്ഥകൾക്ക വിധേയമായി നടപ്പ് സാമ്പത്തിക വർഷം തന്നെ ടി. തുക മാറി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്. ധനവിനിയോഗ സാക്ഷ്യപത്രം, പദ്ധതി നിർവ്വഹണ റിപ്പോർട്ട് എന്നിവ ജില്ലതലത്തിൽ ക്രോഡീകരിച്ച് പ്രോഗ്രാം ഓഫീസർമാർ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

ഇതിലേയ്ക്ക് ആവശ്യമായ ആകെ തുകയായ 27,84,000/- (ഇരുപത്തി ഏഴ് ലക്ഷത്തി എൺപത്തിനാലായിരം രൂപ മാത്രം) രൂപ നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-31(പി) ശിർഷകത്തിൽ നിന്നും വിനിയോഗിക്കേണ്ടതാണ്.

(ഒപ്പ്)

വനിത ശിശുവികസന ഡയറക്ടർ

ജില്ലാ വനിത ശിശുവികസന ഓഫീസർ, വയനാട്

പകർപ്പ്:

1. പ്രോഗ്രാം ഓഫീസർ, വയനാട്
2. ബന്ധപ്പെട്ട സി.ഡി.പി.ഒമാർക്ക്.
3. സൂപ്രണ്ട് എ സെക്ഷൻ.
4. സൂപ്രണ്ട് പ്ലാനിംഗ് സെക്ഷൻ.
5. വെബ് സൈറ്റ്.
6. ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

# വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

## (ഹാജർ: അനുപമ. റ്റി.വി IAS)

വിഷയം: വനിതാ ശിശുവികസന വകുപ്പ്-ഐ.സി.ഡി.എസ്-2019-20 വയനാട് ജില്ലയിലെ അങ്കണവാടികൾക്ക് ശിശു സൗഹൃദ ടോയ്‌ലറ്റ് പണിയുന്നതിന് തുക. അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:
1. കേന്ദ്ര സർക്കാരിന്റെ 09.05.2018 ലെ FNo. CD-II- 14/1/2018-CD II നം. കത്ത്.
2. കേന്ദ്ര സർക്കാരിന്റെ 1.3.2019 ലെ CDII 14/7/2017-CDII നം. കത്ത്.
3. സർക്കാർ ഉത്തരവ് (സാധാ) നം. 586/2019/സാനീവ തീയതി 22.9.2019.
4. വയനാട് പ്രോഗ്രാം ഓഫീസറുടെ കത്ത് നം. B-366/19, തീയതി 4.10.2019.

==================================================================

ഉത്തരവ് നം. ICDS/B5/9690/18 തീയതി : 25.11.2019.

==================================================================

കേന്ദ്ര സർക്കാർ ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിലെ 115 ജില്ലകളെ Aspirational ജില്ലകളായി തെരഞ്ഞെടുത്തിട്ടുണ്ട്. കേരളത്തിൽ നിന്നും വയനാട് ജില്ലയെ മാത്രമാണ് Aspirational ജില്ലയായി തെരഞ്ഞെടുത്തിട്ടുള്ളതെന്ന് കേന്ദ്ര സർക്കാർ പരാമർശം (1) പ്രകാരം അറിയിച്ചിരിക്കുന്നു.

Aspirational ജില്ലയായി തെരഞ്ഞെടുത്ത വയനാടിലെ സ്വന്തമായി കെട്ടിടമുള്ള അങ്കണവാടികൾക്ക് ശിശു സൗഹൃദ ടോയ്‌ലറ്റ് നിർമ്മിക്കുന്നതിനായി പരാമർശം (2) പ്രകാരം കേന്ദ്ര സർക്കാർ ഫണ്ട് അനുവദിച്ചിരുന്നു. 519 അങ്കണവാടികൾക്ക് ടോയ്‌ലറ്റ് പണിയുന്നതിനായി ഒരു അങ്കണവാടിയ്ക്ക് 12,000/- രൂപ നിരക്കിൽ ആകെയുള്ള 62.28 ലക്ഷം രൂപയിൽ 60% കേന്ദ്ര വിഹിതമായ 37.37 ലക്ഷം രൂപ പരാമർശം (2) പ്രകാരം കേന്ദ്ര സർക്കാർ അനുവദിച്ചിരുന്നു.

അങ്കണവാടികളിൽ ശിശു സൗഹൃദ ടോയ്‌ലറ്റ് പണിയുന്നതിനായി അനുവദിച്ച തുക അതത് ശിശുവികസന പദ്ധതിഓഫീസർമാർ വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അസിസ്റ്റൻസ് എഞ്ചിനീയർ വഴി നടപ്പിലാക്കുന്നതിന് ഭരണാനുമതിയും ഇതിലേയ്ക്ക് ആവശ്യമായി വരുന്ന തുക 62,28,000/- രൂപ (അറുപത്തി രണ്ട് ലക്ഷത്തി ഇരുപത്തി എണ്ണായിരം രൂപ മാത്രം) 2235-02-102-31 (P) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനും പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിനു വേണ്ടി ലഭ്യമായ തുക കൂടാതെ അധികമായി ആവശ്യമുള്ള

തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി കണ്ടെത്താനും ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.

വയനാട് ജില്ലയിൽ സ്വന്തമായി കെട്ടിടമുള്ള 519 അങ്കണവാടികൾക്ക് ശിശു സൗഹൃദ ടോയ്‌ലറ്റ് പണിയുന്നതിനായി 62,28,000/- രൂപ (അറുപത്തി രണ്ട് ലക്ഷത്തി ഇരുപത്തി എണ്ണായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു. ശിശു വികസന പദ്ധതി ഓഫീസർമാർക്ക് അനുവദിക്കേണ്ട തുക ഇതോടൊപ്പം ചേർത്തിട്ടുള്ള അനുബന്ധം A പ്രകാരം വയനാട് പ്രോഗ്രാം ഓഫീസർക്ക് അനുവദിച്ച് ഉത്തരവാകുന്നു. ഒരു അങ്കണവാടിയ്ക്ക് 12,000/- രൂപ നിരക്കിലാണ് തുക അനുവദിക്കേണ്ടത് . ടി തുക നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-31 (P) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ (അനുബന്ധം –C) പ്രകാരവും അനുബന്ധം ബി-യായി നൽകിയിട്ടുള്ള അങ്കണവാടികൾക്കാണ് ശിശു സൗഹൃദ ടോയ്‌ലറ്റ് നിർമ്മിക്കേണ്ടത്.

തുക ചെലവഴിച്ചതിന് ശേഷം വയനാട് പ്രോഗ്രാം ഓഫീസർ ധനവിനിയോഗ സാക്ഷ്യപത്രവും റിപ്പോർട്ടും നൽകേണ്ടതാണ്.

(ഒപ്പ്)
വനിതാ ശിശുവികസന ഡയറക്ടർ

പ്രോഗ്രാം ഓഫീസർ ,
വയനാട്.

**പകർപ്പ്**

(1) ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർക്ക്
(2) സൂപ്രണ്ട്, എ സെക്ഷൻ (ഫണ്ട് അനുവദിക്കുന്നതിനായി)
(3) സൂപ്രണ്ട്, ഐ.റ്റീ സെക്ഷൻ (Website ൽ പ്രസിദ്ധീകരിക്കുന്നതിനായി)
(4) സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്